കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

നമ്പർ: B2/186/2024-SEC തീയതി: 06-06-2025

പ്രേഷകൻ

സെക്രട്ടറി

സ്വീകർത്താവ്

1) എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ &

ജില്ലാ കളക്ടർമാർക്കും

2) എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിയോജകമണ്ഡല/വാർഡുകളുടെ അതിർത്തി പുനർനിർണ്ണയിച്ചത് – വോട്ടർപട്ടിക പുന:ക്രമീകരിക്കൽ - അപ്രകാരമുള്ള പോളിംഗ് സ്റ്റേഷനുകൾ അന്തിമമാക്കൽ- നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്.

സൂചന:-

1. കമ്മീഷന്റെ 25.01.2025 ലെ ബി2/186/2024/സം.തി.ക നമ്പർ കത്ത്.
2. 19.05.2025 ലെ SDC/42/2025/SDC3 നമ്പർ വിജ്ഞാപനം.
3. 19.05.2025 ലെ SDC/46/2025/SDC8 നമ്പർ വിജ്ഞാപനം.
4. 19.05.2025 ലെ SDC/45/2025/SDC5 നമ്പർ വിജ്ഞാപനം.
5. 19.05.2025 ലെ SDC/48/2025/SDC6 നമ്പർ വിജ്ഞാപനം.
6. 19.05.2025 ലെ SDC/43/2025/SDC3 നമ്പർ വിജ്ഞാപനം.
7. 19.05.2025 ലെ SDC/53/2025/SDC1 നമ്പർ വിജ്ഞാപനം.
8. 19.05.2025 ലെ SDC/52/2025/SDC1 നമ്പർ വിജ്ഞാപനം.
9. 19.05.2025 ലെ SDC/54/2025/SDC2 നമ്പർ വിജ്ഞാപനം.
10. 19.05.2025 ലെ SDC/44/2025/SDC5 നമ്പർ വിജ്ഞാപനം.
11. 19.05.2025 ലെ SDC/51/2025/SDC4 നമ്പർ വിജ്ഞാപനം.
12. 19.05.2025 ലെ SDC/47/2025/SDC8 നമ്പർ വിജ്ഞാപനം.
13. 19.05.2025 ലെ SDC/47/2025/SDC8 നമ്പർ വിജ്ഞാപനം.
14. 19.05.2025 ലെ SDC/50/2025/SDC6 നമ്പർ വിജ്ഞാപനം.
15. 19.05.2025 ലെ SDC/55/2025/SDC2 നമ്പർ വിജ്ഞാപനം.
16. 27.05.2025 ലെ SDC/213/2025/SDC7 നമ്പർ വിജ്ഞാപനം.
17. 30.05.2025 ലെ SDC/42/2025/SDC3 നമ്പർ തിരുത്തൽ വിജ്ഞാപനം.
18. 30.05.2025 ലെ SDC/54/2025/SDC2 നമ്പർ തിരുത്തൽ വിജ്ഞാപനം.

19. 30.05.2025 ലെ SDC/55/2025/SDC2 നമ്പർ തിരുത്തൽ വിജ്ഞാപനം.
20. 30.05.2025 ലെ SDC/47/2025/SDC8 നമ്പർ തിരുത്തൽ വിജ്ഞാപനം.
21. 30.05.2025 ലെ SDC/50/2025/SDC6 നമ്പർ തിരുത്തൽ വിജ്ഞാപനം.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. 2025 ലെ പൊതുതിരഞ്ഞെടുപ്പിനുമുന്നോടിയായി സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നിയോജകമണ്ഡലങ്ങളുടെ/വാർഡുകളുടെ എണ്ണത്തിൽ മാറ്റം വരുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചതിനനുസരിച്ച്, രൂപീകരിക്കപ്പെട്ട സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ ഗ്രാമപഞ്ചായത്തുകളിലെയും, മുനിസിപ്പൽ കൗൺസിൽ/ മുനിസിപ്പൽ കോർപ്പറേഷനുകളിലെയും നിയോജകമണ്ഡല/വാർഡുകളുടെ അതിർത്തി പുനർനിർണ്ണയിച്ചു കൊണ്ട് യഥാക്രമം സൂചന (2) മുതൽ (21) വരെ പരാമർശിച്ചിരിക്കും പ്രകാരം അന്തിമ/തിരുത്തൽ വിജ്ഞാപനങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

1994-ലെ സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങൾ, ചട്ടം 23 പ്രകാരം അന്തിമ/തിരുത്തൽ വിജ്ഞാപനങ്ങൾ അനുസരിച്ച് നിലവിൽ വന്ന നിയോജകമണ്ഡലങ്ങളിലേക്ക് /വാർഡുകളിലേക്ക് അതിനുമുൻപ് നിലവിലുണ്ടായിരുന്ന നിയോജകമണ്ഡലങ്ങളിലെ /വാർഡുകളിലെ വോട്ടർമാരെ പുനർക്രമീകരിക്കേണ്ടതും അതിൻപ്രകാരം ഏർപ്പെടുത്തേണ്ട പോളിംഗ് സ്റ്റേഷനുകളും സൂചന (1) നിർദ്ദേശപ്രകാരം ഏർപ്പെടുത്തി അന്തിമമാക്കേണ്ടതുമുണ്ട്.

മേൽസാഹചര്യത്തിൽ, ചുവടെപറയുന്ന നിർദ്ദേശങ്ങൾ പാലിച്ച് **2025 ജൂൺ 17** നകം പുതിയ നിയോജകമണ്ഡല/വാർഡുകളിലേക്ക് നിലവിലുണ്ടായിരുന്ന വോട്ടർമാരെ പുന:ക്രമീകരിക്കുന്നതിനും അപ്രകാരം ഏർപ്പെടുത്തേണ്ട പോളിംഗ് സ്റ്റേഷനുകൾ കണ്ടെത്തി അന്തിമമാക്കുന്നതിനും എല്ലാ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്കും ബന്ധപ്പെട്ട സെക്രട്ടറിമാർക്കും നിർദ്ദേശം നൽകുന്നു. അതത് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ മേൽ പ്രവൃത്തിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിന് മേൽനോട്ടം വഹിക്കേണ്ടതാണ്. ഡീലിമിറ്റേഷൻ നടപടികൾ ബാധകമാകാത്ത ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റികളും അനുബന്ധം അനുസരിച്ചുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

1. നിലവിലെ വോട്ടർമാരെ പുതിയ നിയോജകമണ്ഡല/വാർഡുകളിലേക്ക് പുനക്രമീകരിക്കുന്ന പ്രവൃത്തി ERMS സോഫ്റ്റ് വെയർ മുഖേന നടത്തേണ്ടതാണ്.
2. ERMS മുഖേന നടത്തേണ്ട ഈ പുനക്രമീകരണ പ്രവൃത്തിയുടെ വിശദമായ Process Flow **അനുബന്ധം 1** ആയും സമയക്രമം **അനുബന്ധം 2** ആയും ചേർത്തിട്ടുണ്ട്.
3. ഡീലിമിറ്റേഷൻ നടത്തി രൂപീകരിച്ച പുതിയ നിയോജകമണ്ഡല/വാർഡുകളിലേക്ക് പഴയ നിയോജകമണ്ഡല/വാർഡുകളിൽ നിന്നു വന്നിട്ടുള്ള വീടുകളുടെ അടിസ്ഥാനത്തിലായിരിക്കണം വോട്ടർമാരെ കണ്ടെത്തേണ്ടതും അവരെ ട്രാൻസ്ഫർ ചെയ്ത് പുതിയവയിലേയ്ക്ക് കൊണ്ടുവരേണ്ടതും.

4. വോട്ടർപട്ടികയിലെ വീട്ടുനമ്പറുകളും ഗ്രാമപഞ്ചായത്ത്, മുനിസിപ്പൽ കൗൺസിൽ/ മുനിസിപ്പൽ കോർപ്പറേഷനുകൾ സൂക്ഷിച്ചുപോരുന്ന കെട്ടിടങ്ങളുടെ രജിസ്റ്ററിലെ വീട്ടുനമ്പറുകളും തമ്മിൽ വ്യത്യസ്തമായതുമൂലമോ മറ്റോ വോട്ടർമാരെ തിരിച്ചറിയാൻ കഴിയാതെ വരുന്ന സംഗതിയിൽ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഫീൽഡു പരിശോധന ഉൾപ്പെടെയുള്ള ഉചിതമായ അന്വേഷണപരിശോധനകൾ നടത്തി അത്തരം വോട്ടർമാരെ തിരിച്ചറിഞ്ഞ് അതതു നിയോജകമണ്ഡല/വാർഡിലെ പട്ടികയിൽ ഉചിതമായ സ്ഥാനത്ത് അവരെ കൊണ്ടുവരേണ്ടതാണ്.
5. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ നടത്തുന്ന എല്ലാ അന്വേഷണപരിശോധനകളുടെയും രേഖകൾ ഫയലിൽ സൂക്ഷിക്കേണ്ടതും ആവശ്യമുള്ളപക്ഷം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.
6. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ERMS-ൽ അനുബന്ധ പ്രകാരമുള്ള ഓരോ ഘട്ടത്തിലെയും പ്രവൃത്തികൾ നിർവഹിക്കുമ്പോൾ അവ കൃത്യമായി സൂക്ഷ്മ പരിശോധന നടത്തി വേണം അത് പൂർത്തീകരിക്കേണ്ടത്.
7. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ **അനുബന്ധം-1** പ്രകാരമുള്ള നടപടികൾ ERMS-ൽ പൂർത്തീകരിക്കുന്നതോടെ ഡീലിമിറ്റേഷനെ തുടർന്നു രൂപീകരിച്ചിട്ടുള്ള പുതിയ നിയോജകമണ്ഡല/വാർഡുകളിലെ പട്ടിക പുതുക്കുന്നതിനു വേണ്ടിയുള്ള കരട് വോട്ടർ പട്ടിക നിലവിൽ വരുന്നതാണ്.
8. സെക്രട്ടറിമാർ എല്ലാ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം ചേരേണ്ടതും സൂചന (1) നിർദ്ദേശമനുസരിച്ച് തയ്യാറാക്കിയിട്ടുള്ള പോളിംഗ് സ്റ്റേഷനുകളുടെ പട്ടിക യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടിയെടുക്കേണ്ടതും യോഗത്തിന്റെ മിനിട്ട്സ് തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.
9. അനുബന്ധത്തിലെ നടപടികൾ നിർദ്ദിഷ്ട സമയക്രമത്തിനകം പൂർത്തീകരിക്കേണ്ടതും വിവരം ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥനെ അറിയിക്കേണ്ടതുമാണ്.
10. ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ അതത് ജില്ലകളിലെ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റികളിലെ പുതിയ നിയോജകമണ്ഡല/വാർഡുകൾക്കുവേണ്ടിയുള്ള വോട്ടർ പട്ടിക കരട് പ്രസിദ്ധീകരണത്തിന് തയ്യാറായിട്ടുള്ള വിവരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

Signed by
Prakash B S
Date: 06-06-2025 12:34:30

PRAKASH.B.S
SECRETARY

'ജനഹിതം', റ്റി.സി. 27/6(2), വികാസ്ഭവൻ പി.ഒ., തിരുവനന്തപുരം 695033,
ഫോൺ :0471-2325048(അഡ്മിനിസ്ട്രേഷൻ ),0471-2337884(ഇലക്ഷൻ )
e-mail:cru.sec@kerala.gov.in,website:www.sec.kerala.gov.in

# Assigning New Wards & House Numbers of Voters in ERMS After Delimitation

LSGI Secretaries are requested to visit the SEC's portal at https://sec.kerala.gov.in/login and complete the ERO registration. The District Election Officer should approve the registration. Please note that the **mobile number linked in SPARK will serve as the username** for login.

Upon successful login, two profiles will be available:

1. **Pre-Delimitation LB_Admin**
2. **Delimitation 2025 LB_Admin**.

The ***Pre-Delimitation LB_Admin*** profile is intended for downloading the current voters' list.

*Login→ Secretary LBName→ Operate as* ***Pre-Delimitation LB_Admin***

*eRoll→ Reports →Electoral Roll - Download Center*

## Performing Delimitation Activities

The ***Delimitation 2025 LB_Admin*** profile should be used to carry out voter transposition activities in line with the delimitation notification and to generate the draft electoral roll.

The required functions can be accessed through the menu options available within the respective profile interfaces, as outlined below.

*Secretary LBName→ Operate as* ***Delimitation 2025 LB_Admin*** *→*

**Delimitation→Ward Correction**

- **Create Wards as per Delimitation**
  - create wardslist following delimitation guidelines.
  - Add, delete and retain

**→Bulk Transposition→Pre-Delimitation**

- **Selection of house number ranges from existing wards which are to be mapped to the new wards.**
- **Bulk Transposition of the house numbers from previous wards to the new wards.**

**→Bulk Transposition→Delimitation 2025**

- ➢ **New ward-wise Verification**
  - List ward wise voters list with following details
    - LSGI Number & Name
    - New ward Number & Name
    - Serial Number
    - Voter Name
    - House Name
    - Existing ward number & name
    - Existing Polling Station number
    - Existing house number
    - Gender & Age
  - Identify discrepancies in voter ward numbers.
- ➢ **Generation of Report of New Ward-wise Voters' List**
  - Download ward wise 'Delimitation 2025' Report
  - If any discrepancies are found, retransfer the voters to their correct ward.
  - Ensure correctness before finalizing the list.

**Polling Station Count Analysis**

- Assess the required number of polling stations as per guidelines.
- Adjust for voter population density and accessibility.

**→eRoll→Manage Polling Stations**

- ➢ **Creation of Polling Stations under Each Ward**
  - Establish polling stations based on the analyzed count.

**→Bulk Transposition→Delimitation 2025**

- ➢ **Bulk Transfer of Voters to Polling Stations**
  - Migrate voters from the new wards to their designated polling stations.
  - Ensure accuracy and completeness in voter allocation.

**→eRoll→Manage Voters List**

- Ward wise Polling Stations will be listed
- Confirm each Polling station
- Finalize Voter Transposition

**→eRoll→Download Electoral Roll**

- ➢ **Generate voter list by ERO**

Merging the new house number data and preparing the draft voter list.

The Electoral Registration Officer (ERO) can generate draft voter list

- LSGI Number & Name
- New ward number & name
- Polling Station number & name
- Serial Number
- ID number
- Photo
- Voter Name
- Gurdian Name & Relation
- House Number (Existing ward number /house number)
- House Name
- Age & Gender

➢ ***For guidance, a detailed screen cast video outlining the steps is available under the ?(Help) menu in the ERO profile.***

***Note: - LSGIs which are not undergone delimitation so far should also follow this process to transfer the existing data in ERMS. An online training for the EROs of these local bodies will be arranged by SEC.***

അനുബന്ധം-2

# Rearrangement of existing Electoral Roll

## Schedule

| | | |
|---|---|---|
| ➢ Arrangement of existing roll into new Wards | - | 12/06/2025 to 17/06/2025 |
| ➢ Physical verification and correction by ERO | - | 21/06/2025 |
| ➢ List of Polling Stations to be setup in all Wards by ERO | - | 21/06/2025 |
| ➢ Political Party Meeting (Local level) by ERO | - | 23/06/2025 & 24/06/2025 |
| ➢ List of Polling Stations with Minutes to DEO By ERO | - | 26/06/2025 |
| ➢ List of Polling Stations to Commission by DEO | - | 28/06/2025 |
| ➢ Approval by Commission | - | 30/06/2025 |
| ➢ Rearrangement of voters of new wards into Polling Stations | - | 03/07/2025 |
| ➢ Final Polling Station wise Electoral Roll | - | 04/07/2025 |